കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 28 വെള്ളി

---

# ഐ ആം ഫോർ ആലപ്പി; നാലാം ഘട്ട മത്സ്യബന്ധന വള്ളങ്ങൾ വിതരണം ചെയ്തു

ആലപ്പുഴ : സബ്കളക്ടർ വി.ആർ.കൃഷ്ണതേജയുടെ നേതൃത്വത്തിൽ തുടങ്ങിയ ഐ ആം ഫോർ ആലപ്പിയുടെ 'ഡോണേറ്റ് എ ബോട്ട്, ഡൊണേറ്റ് എ ലൈവ്ലീഹുഡ്' പദ്ധതി പ്രകാരം ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് നാലാം ഘട്ട മത്സ്യ ബന്ധന വള്ളങ്ങളുടെ വിതരണം നടത്തി. വിതരണോദ്ഘാടനം ജില്ലാകളക്ടർ ഡോ അദീല അബ്ദുല്ല നിർവഹിച്ചു.ഹൈദരാബാദ് ഉള്ള ഹേർട്ട്ഫുൾനെസ് എന്ന സംഘടനയുടെ സഹായത്തോടെ 10 വള്ളങ്ങളാണ് നൽകിയത്. ചെറുതനയിൽ എട്ടും മുട്ടാർ ഉള്ള രണ്ടു മത്സ്യതൊഴിലാളികൾക്കും ആണ് വള്ളങ്ങൾ നൽകിയത്. ഈ പദ്ധതിയിലൂടെ നാനൂറിലധികം വള്ളങ്ങളാണ് ഉൾനാടൻ മത്സ്യ മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യമായി നൽകുന്നത്. സബ് കളക്ടർ കൃഷ്ണതേജ, സംഘടന പ്രതിനിധി മധുസുധൻ റെഡ്ഡി എന്നിവർ സംസാരിച്ചു.

(ചിത്രമുണ്ട്)